# കേരള കാർഷിക സർവ്വകലാശാല വാർത്തകൾ

**(മെയ് 13 - മെയ് 19, 2022)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2022 – 20** **Dt. 12/05/2022**

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

വിരിപ്പ് കൃഷി ഇറക്കുന്നത് മുൻപായി നെൽപാടങ്ങളിൽ ഡെയിഞ്ച വിതച്ച് കൊടുക്കാവുന്നതാണ്. പൊടിവിത നടത്തിയ നെൽപ്പാടങ്ങളിൽ ഒന്നാം ഗഡു രാസവളം ചേർക്കാം. ഉല്പാദനശേഷി കൂടിയ ഹ്രസ്വകാലയിനങ്ങൾക്ക് ഏക്കറിന് 21 കിലോഗ്രാമും ഇടത്തരം മൂപ്പുള്ളവയ്ക്ക് 26 കിലോഗ്രാമും നാടൻ ഇനങ്ങൾക്ക് 12 കിലോഗ്രാമും വീതം യൂറിയ ആവശ്യമാണ്. മേൽവളം ചേർക്കുന്നതിനു മുമ്പ് പാടത്തെ വെള്ളം വാർത്തു കള യണം. വിതയ്ക്കുന്നതിന് രണ്ടാഴ്ച്ച മുമ്പെങ്കിലും നിലം തയ്യാറാക്കിയിടുന്നത് ഫലപ്രദമായ കളനിയന്ത്രണത്തിന് അത്യാവശ്യമാണ്.

തെങ്ങിൻ തോട്ടങ്ങളിൽ നിന്നുള്ള മണ്ണൊലിപ്പ് തടയുവാനായി ഇടവരമ്പുകൾ ബല പ്പെടുത്തുകയും നീർവാർച്ചയ്ക്കുള്ള ചാലുകൾ വൃത്തിയാക്കുകയും വേണം. തെങ്ങിന് ചുറ്റും ആറടി അർദ്ധവ്യാസവും, 20–25 സെ.മീ ആഴവും ഉള്ള തടം തുറന്ന് തെങ്ങൊന്നിന് ഒരു കിലോ വീതം കുമ്മായം ചേർക്കണം. മണ്ണിന്റെ പുളിരസം കുറച്ച് അതുവഴി പോഷ കമൂലകങ്ങളുടെ ആഗിരണശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ജീവാണുക്കളുടെ വളർച്ചയ്ക്കും കുമ്മായപ്രയോഗം സഹായിക്കും. കുമ്മായം ചേർത്ത് ഒരാഴ്ച്ച കഴിഞ്ഞാൽ തെങ്ങൊന്നിന് 25 കിലോഗ്രാം വീതം ജൈവവളവും നൽകാം. മഴ കിട്ടിയതും ജലസേചന സൗകര്യമുള്ളതുമായ തോട്ടങ്ങളിൽ ആകെ നിർദ്ദേശിച്ചിട്ടുള്ള രാസവളത്തിന്റെ നാലിൽ ഒരു ഭാഗം അതായത് 185 ഗ്രാം യൂറിയ, 210 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 285 ഗ്രാം മ്യൂറി യേറ്റ് ഓഫ് പൊട്ടാഷ് കൂട്ടിക്കലർത്തി തെങ്ങിന്റെ തടത്തിൽ ചേർത്ത് മണ്ണിളക്കി കൊടുക്കണം.. ഉല്പാദന ശേഷി കൂടിയ ഇനങ്ങൾക്ക് രാസവള ശുപാർശ കൃത്യമായി പാലിക്കണം. കുമിൾ രോഗങ്ങൾക്കെതിരെ ഒരു പ്രതിരോധ നടപടി എന്ന നിലയ്ക്ക് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കാവുന്നതാണ്.

തവാരണയിൽ വിത്തു തേങ്ങ ഈ സമയത്ത് പാകാവുന്നതാണ്. ഒന്നര മീറ്റർ വീതിയിൽ 30 സെ.മീ ഉയരത്തിൽ സൗകര്യമുള്ള നീളത്തിൽ തവാരണകളുണ്ടാക്കിയ ശേഷം, 30 സെ.മീ വരികൾ തമ്മിലും നിരകൾ തമ്മിലും അകലം പാലിച്ച് തേങ്ങയുടെ കണ്ണ് മുകൾഭാഗത്ത് വരത്തക്കവിധം പാകണം. മഴ കിട്ടിയ പ്രദേശങ്ങളിൽ പുതിയ തെങ്ങിൻ തൈകൾ നടാം. നേരത്തേ തയ്യാറാക്കിയിട്ടുള്ള കുഴികളിൽ ഗുണമേന്മയുള്ള തൈകൾ തെര ഞ്ഞെടുത്ത്, 7–8 മീറ്റർ അകലത്തിൽ നടണം. നട്ടു കഴിഞ്ഞ തൈയുടെ കണ്ണിഭാഗം മൺ നിരപ്പിൽ നിന്ന് ഉയർന്നിരിക്കണം. തൈകൾക്ക് കാലവർഷക്കാറ്റിൽ ഉലച്ചിൽ തട്ടാതിരി ക്കാൻ താങ്ങു വച്ച് കെട്ടണം.

കനത്ത മഴയ്ക്ക് മുമ്പേ കമുകിൻ തൈകൾ നടാം. കൊട്ടടയ്ക്കയുടെ ഇനങ്ങളാണ് മോഹിത് നഗർ, ശ്രീമംഗള, സൗത്ത് കാനറ, സൈഗോൺ എന്നിവ. മുറിക്കുന്നതിനും പച്ചയായി ഉപയോഗിക്കുന്നതിനും പറ്റിയ ഇനമാണ് മംഗള. കമുകിൻ തോപ്പിൽ കൃഷി ചെയ്യാൻ യോജിച്ച ഇടവിളകളാണ് കൈതച്ചക്ക, വെറ്റില, കൊക്കോ, ഇഞ്ചി, കുരുമുളക്, വാഴ, ചേന, പച്ചക്കറികൾ, തീറ്റപ്പുല്ല് തുടങ്ങിയവ. പൈനാപ്പിൾ നടാൻ യോജിച്ച സമയമാണ് മെയ് – ജൂൺ മാസങ്ങൾ.

കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. ഇതിന്റെ പ്രതിരോധത്തിനായി രണ്ടു കിലോ ട്രൈക്കോഡർമ്മ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ വെള്ളീച്ച, മീലിമൂട്ട, പച്ചത്തുള്ളൻ മുതലായ പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക.

വാഴയിൽ തടതുരപ്പൻ പുഴുവിന്റെ ആക്രമണം രൂക്ഷമാണെങ്കിൽ ക്ലോർപൈറിഫോസ് എന്ന കീടനാശിനി 2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് വാഴക്കവിളിൽ ഒഴിക്കുക. കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കേണ്ടതാണ്. വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്ത ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. വാഴയിൽ കമ്പളിപ്പുഴുവിനെ കാണാനിടയുണ്ട്. ഇതിന്റെ ആക്രമണം കാണുകയാണെങ്കിൽ ഉടനെ നശിപ്പിച്ചു കളയേണ്ടതാണ്.

## അറിയിപ്പ്

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487–2370773

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

## നിബന്ധനകൾ

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്

ഒപ്പ്/-

**പ്രൊഫസർ & ഹെഡ്**